

# സമ്പൂർണ്ണകൃതികൾ: ഭാഗം VII

കെ. ദാമോദരൻ



## 3. സാഹിത്യത്തിലെ മാർക്സിയൻ വീക്ഷണം

# സമ്പൂർണ്ണകൃതികൾ: ഭാഗം VII

**കെ. ദാമോദരൻ**

(മലയാളം: രാഷ്ട്രീയം, ചരിത്രം)


കെ. ദാമോദരൻ എഡിറ്റോറിയൽ കമ്മിറ്റി

- ആന്റണി തോമസ്
- സി. എൻ. ജയദേവൻ
- എം. പി. അച്യുതൻ
- ഐ. വി. ശശാങ്കൻ
- ഡോ. വള്ളിക്കാവ് മോഹൻദാസ്



© 2009–2020 Prabhatham Printing & Publishing Co. (P) Ltd., Trivandrum, owned by Communist Party of India, Trivandrum.



Printed editions published by Prabhatham Printing & Publishing Co. (P) Ltd.

First published in print media 2009.



The electronic versions are released under the provisions of Creative Commons Attribution By Share Alike license for free download and usage.



The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020. The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

Cover: Mansu Hill Grand Monument, a picture of sculpture by Jennybento. The image is taken from Wikimedia Commons and is gratefully acknowledged.

**Sayahna Foundation**
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

# ഉള്ളടക്കം


3 സാഹിത്യത്തിലെ മാർക്സിയൻ വീക്ഷണം . . . . 1

1 അടിത്തറയും ഉപരിഘടനയും . . . . 2

2 സാഹിത്യവും വർഗ്ഗസമരവും . . . . . 3

3 മാർക്സിസത്തിന്റെ സംഭാവന . . . . . 4

4 ഭാവനയും സൗന്ദര്യവും . . . . . . . . . 5

# 3

# സാഹിത്യത്തിലെ മാർക്സിയൻ വീക്ഷണം

സാഹിത്യത്തിലെ മാർക്സിയൻ വീക്ഷണമെന്നു പറയുമ്പോൾ എന്താണുദ്ദേശിക്കുന്നത്? സാഹിത്യം സാമൂഹ്യജീവിതവുമായി ബന്ധപ്പെട്ടിരിക്കുന്നു. വ്യക്തി സമൂഹത്തിന്റെ ഭാഗമാണെന്ന കാണലാണോ?

വ്യക്തിഗതങ്ങളായ അനുഭവങ്ങൾക്കു ഭാഗമാണെന്ന സൃഷ്ടിപരമായ ആവിഷ്കരണം നൽകാനാണ് സാഹിത്യകാരൻ പരിശ്രമിക്കുന്നത്. ഈ അർത്ഥത്തിൽ എല്ലാ സാഹിത്യ സൃഷ്ടികളും വ്യക്തിനിഷ്ഠങ്ങളാണ്. അതേ സമയത്തുതന്നെ സാഹിത്യകാരൻ ഒരു സാമൂഹ്യജീവിയാണ്. അയാളുടെ കൃതികൾ സമൂഹത്തിൽ ജീവിക്കുന്ന വായനക്കാരിൽ സ്വാധീനം ചെലുത്തുകയും ചെയ്യുന്നു. സാഹിത്യത്തിന്റെ അപ്പോൾ സാഹിത്യകാരന്റെ വ്യക്ത്യധിഷ്ഠത സാമൂഹ്യബന്ധങ്ങളിൽ നിന്ന് അകന്നു നിൽക്കുന്ന അമൂർത്തവും കേവലവുമായ ഒരു പ്രതിഭാസമാണ്. സർഗ്ഗപ്രക്രിയയുടെ വൈയക്തിക ഭാവം സാമൂഹ്യസത്തയുമായി കെട്ടുപിണഞ്ഞുകിടക്കുന്നു. സാമൂഹ്യവും ചരിത്രപരവുമായ സാഹചര്യങ്ങളുടെ പശ്ചാത്തലത്തിൽ നിന്നുകൊണ്ടാണ് സാഹിത്യകാരൻ വ്യക്തിജീവിതത്തിന്റെ സങ്കീർണ്ണതകളും സംഘർഷാത്മകങ്ങളായ അന്തർധാരകൾക്ക് ഭാഷയിലൂടെ സമൂർത്തമായ രൂപം നൽകുന്നത്. പ്രകൃതിയുടേയും ചരിത്രത്തിന്റെയും മുദ്രകൾ പതിയാത്ത യാതൊരു സാഹിത്യകൃതിയുമില്ല.

അഹംബോധത്തിന്റെ ദന്തഗോപുരത്തിൽ കയറിനിൽക്കുന്ന സാഹിത്യകാരനുപോലും സാമൂഹ്യജീവിതത്തിന്റെ സങ്കീർണ്ണ യാഥാർത്ഥ്യങ്ങളുടെ സവിശേഷമായ സ്വാധീനത്തിൽനിന്ന് ഒഴിഞ്ഞുമാറാൻ കഴിയില്ല. ഈ സങ്കീർണ്ണ യാഥാർത്ഥ്യങ്ങളിൽ നിന്നാണ് സാഹിത്യകാരൻ തന്റെ ആത്മസത്തയെ പുഷ്ടിപ്പെടുത്തുന്നതിനാവശ്യമായ കരുക്കൾ സമ്പാദിക്കുകയും സ്വന്തം ഭാവനയും സങ്കൽപ്പങ്ങളും പ്രതീകങ്ങളുമുപയോഗിച്ചുകൊണ്ട് സാഹിത്യസമ്പുഷ്ടി നടത്തുകയും ചെയ്യുന്നത്. സാഹിത്യം സാമൂഹ്യജീവിതത്തിന്റെ വെറും പ്രതിഫലനമാണെന്നല്ല ഇതിന്റെ അർത്ഥം. സാഹിത്യകാരൻ ക്യാമറയല്ല, മനുഷ്യനാണ്.

എന്നാൽ സാഹിത്യവും സാമൂഹ്യജീവിതവും തമ്മിൽ ബന്ധമുണ്ടെന്ന ഈ വസ്തുത കാറൽമാർക്സിന്റെ കണ്ടുപിടുത്തമല്ല. പ്രാചീനകാലത്തെ നിരൂപകൻമാർക്കുപോലും ഇതറിയാമായിരുന്നു.

## 1 അടിത്തറയും ഉപരിഘടനയും

മാർക്സിയൻ വീക്ഷണമെന്നുവെച്ചാൽ അടിത്തറയും ഉപരിഘടനയും തമ്മിലുള്ള ബന്ധം പരിശോധിക്കലാണെന്ന് മാർക്സിസ്റ്റുകാരായ ചില സാഹിത്യനിരൂപകൻമാർ അഭിപ്രായപ്പെട്ടിട്ടുണ്ട്. ഉൽപ്പാദനശക്തികൾ വളരുമ്പോൾ ഉൽപ്പാദനബന്ധങ്ങളിലും മാറ്റമുണ്ടാകുമെന്നും ഈ മാറ്റം ഉൽപാദനശക്തികളെ കൂടുതൽ വളർത്താൻ സഹായിക്കുമെന്നും മാർക്സ് ചൂണ്ടിക്കാണിക്കുകയുണ്ടായി. ഉൽപ്പാദനബന്ധങ്ങളുടെ ആകെത്തുകയ്ക്ക് സാമ്പത്തികഘടനയുടെ അടിത്തറയിലുയർന്നുവരുന്ന രാഷ്ട്രീയ സാമ്പത്തിക സാംസ്കാരികാശയങ്ങൾക്കും സ്ഥാപനങ്ങൾക്കും ഉപരിഘടന അല്ലെങ്കിൽ മേൽക്കൂര എന്നും പറയുന്നു. മേൽക്കൂര അടിത്തറയിൽ സ്വാധീനം ചെലുത്തുമെന്ന കാര്യം നിഷേധിയ്ക്കപ്പെടുന്നില്ല. പക്ഷേ, അടിത്തറയുമായി പൊരുത്തപ്പെടാത്ത മേൽക്കൂരക്ക് നിലനിൽക്കാനാവില്ല. അതുകൊണ്ട് അടിത്തറമാറുമ്പോൾ മേൽക്കൂരയും മാറുന്നു. മനുഷ്യരുടെ ആശയങ്ങളും വികാരവിചാരങ്ങളും സാമൂഹ്യജീവിതത്തെ നിർണ്ണയിക്കുകയല്ല, മറിച്ച് സാമൂഹ്യജീവിതം ആശയങ്ങളേയും വികാരവിചാരങ്ങളേയും നിർണ്ണയിക്കുകയാണ് ചെയ്യുന്നത്.

അടിത്തറ മാറുമ്പോൾ ഉപരിഘടനയിലും മാറ്റമുണ്ടാകുമെന്ന് പറയുന്നതിന്റെ അർത്ഥം അടിമത്തം, ഫ്യൂഡലിസം, മുതലാളിത്തം, സോഷ്യലിസം എന്നീ സാമൂഹ്യവ്യവസ്ഥകൾക്ക് പ്രത്യേകം പ്രത്യേകം സാഹിത്യങ്ങളുണ്ടായിരിക്കണമെന്നാണോ? അങ്ങനെയാണെങ്കിൽ മുതലാളിത്തമാവിർഭവിക്കുന്നതിനു മുമ്പുണ്ടായിരുന്ന സാഹിത്യകൃതികൾ മുതലാളിത്ത സമുദായത്തിലും മുതലാളിത്ത കാലഘട്ടത്തിലെ കൃതികൾ സോഷ്യലിസ്റ്റ് സമുദായത്തിലും പ്രചരിക്കുന്നതെന്തുകൊണ്ടാണ്? മറ്റൊരു വിധം ചോദിച്ചാൽ കാളിദാസനും ഷേക്സ്പിയറും ഇന്നും ആദരിക്കപ്പെടുന്നതെന്തുകൊണ്ടാണ്? ഒക്ടോബർ വിപ്ലവത്തിനു മുമ്പ് ജീവിച്ചിരുന്ന പുഷ്കിൻറേയും ചെകോവിന്റെയും ഗോഗോളിന്റെയും ടോൾസ്റ്റോയിയുടേയും കൃതികൾ സോവിയറ്റ് യൂണിയനിലെ ജനങ്ങൾ ഇന്നും വായിച്ചു രസിക്കുന്നതെന്തുകൊണ്ടാണ്?

## 2 സാഹിത്യവും വർഗ്ഗസമരവും

മാർക്സിയൻ വീക്ഷണമെന്നുവച്ചാൽ വർഗ്ഗവീക്ഷണമെന്നർത്ഥമാണെന്നും എല്ലാ സാഹിത്യങ്ങളും വർഗ്ഗസാഹിത്യങ്ങളാണെന്നും, അതുകൊണ്ട് ഏതെങ്കിലുമൊരു സാഹിത്യകൃതി ഏതു സാമൂഹ്യവ്യവസ്ഥയിലാവിർഭവിച്ചു എന്നതല്ല. ഏതു വർഗ്ഗത്തിനുവേണ്ടി രചിക്കപ്പെട്ടു എന്നതാണ് പരിശോധിക്കേണ്ടത് എന്നും മർദ്ദിതവർഗ്ഗക്കാരുടെ സാഹിത്യകൃതികൾ പുരോഗമന സാഹിത്യകൃതികളെന്ന നിലയ്ക്ക് എന്നും നിലനിൽക്കുമെന്നും അതിനാൽ തൊഴിലാളികൾ, കൃഷിക്കാർ തുടങ്ങിയ ജനവിഭാഗങ്ങൾ തങ്ങളുടെ സാമ്പത്തികവും രാഷ്ട്രീയവുമായ ആവശ്യങ്ങൾ നേടാൻ വേണ്ടി നടത്തുന്ന വർഗ്ഗസമരങ്ങൾക്ക് പ്രചോദനം നൽകുന്ന സാഹിത്യകൃതികൾ ബോധപൂർവ്വം എഴുതിയുണ്ടാക്കുകയാണ് മാർക്സിയൻ വീക്ഷണമുള്ള സാഹിത്യകാരൻമാർ ചെയ്യേണ്ടത് എന്നും മറ്റും വാദിക്കപ്പെടുന്നുണ്ട്.

പക്ഷേ, ആദ്യം ചോദിച്ച ചോദ്യത്തിനു മറുപടി പറയുകയല്ല, പുതിയൊരു ചോദ്യം ഉയർത്തിക്കൊണ്ടുവരികയാണ് ഈ വർഗ്ഗീയ വീക്ഷണവാദം ചെയ്യുന്നത്; കാളിദാസനും ഷേക്സ്പിയറും പുഷ്കിനും മറ്റും ഏതു വർഗ്ഗത്തിന്റെ പ്രതിനിധികളായിരുന്നു? എഴുതപ്പെട്ട സാഹിത്യങ്ങളുടെ ഉത്ഭവം തന്നെ ചൂഷകവർഗ്ഗങ്ങളിൽ ജനിച്ച പ്രതിഭാശാലികളിൽ നിന്നാണ്. മനുഷ്യസമുദായം വർഗ്ഗങ്ങളായി പിരിയുന്നതിന് മുമ്പ് എഴുത്തും വായനയുമുണ്ടായിരുന്നില്ല. ഇന്ത്യയിലെ പ്രാചീന വർണ്ണവ്യവസ്ഥയിൽ സാഹിത്യകൃതികൾ രചിച്ചത് ബ്രാഹ്മണരും ക്ഷത്രിയരുമാണ്. ചൂഷിതരായ ശൂദ്രൻമാർക്ക് മേലാളർക്കുവേണ്ടി പണിയെടുക്കാനല്ലാതെ എഴുത്തും വായനവും പഠിച്ച് സാഹിത്യകാരൻമാരായിത്തീരാൻ സൗകര്യമോ അവകാശമോ ഉണ്ടായിരുന്നില്ല.

വിപ്ലവകാരികളെന്നു കരുതപ്പെടുന്ന ചില മറുകണ്ടംചാടികൾ കണ്ടുപിടിച്ച ഒരു മറുപടിയുണ്ട്. പ്രാചീന ബ്രാഹ്മണരെഴുതിയ സാഹിത്യങ്ങൾ ഇന്നും ചിലരാസ്വദിക്കുന്നത് അവരിൽ പഴയ വർണ്ണാശ്രമവ്യവസ്ഥയുടെ സ്വാധീനം നിലനിൽക്കുന്നതുകൊണ്ടാണ്. ഫ്യൂഡൽ ബൂർഷ്വാ കാലങ്ങളിലെ സാഹിത്യകൃതികൾ സോഷ്യലിസ്റ്റ് രാജ്യങ്ങളിൽ ആസ്വദിക്കപ്പെടുന്നുണ്ടെങ്കിൽ അത് പഴഞ്ചൻ ആശയങ്ങളുടെ അവശിഷ്ടങ്ങൾ നിലനിൽക്കുന്നതുകൊണ്ടാണ്; അല്ലെങ്കിൽ റിവിഷനിസം കൊണ്ടാണ്; പഴയ സാഹിത്യകൃതികളുടെയും മുതലാളിത്ത രാജ്യങ്ങളിൽ നിന്നുവരുന്ന ബൂർഷ്വാ സാഹിത്യങ്ങളുടേയും പ്രചാരത്തെ തടയുക മാത്രമാണ് പോംവഴി. ഇവിടെ മറ്റൊരു ചോദ്യം പൊന്തിവരുന്നു: മാർക്സ് പതിവായി ഏസ്കിലസ്സും, ഹോമറും ഷേക്സ്പിയറും മറ്റും വായിച്ചാസ്വദിച്ചിരുന്നതെന്തുകൊണ്ടാണ്? അദ്ദേഹത്തിന് വർഗ്ഗവീക്ഷണം ഇല്ലാതിരുന്നതുകൊണ്ടാണോ? അദ്ദേഹം റിവിഷനിസ്റ്റ് ആയതുകൊണ്ടാണോ?

യൂറോപ്യൻ വിപ്ലവങ്ങളുടെ അടിയൊഴുക്കുകളെ വിശകലനം ചെയ്തുകൊണ്ട് വർഗ്ഗങ്ങൾ തമ്മിലുള്ള സമരമാണ് സമുദായത്തിന്റെ വളർച്ചയുടെ മുഖ്യമായ പ്രേരകശക്തി എന്ന് മാർക്സ് ചൂണ്ടിക്കാണിക്കുകയുണ്ടായി. അടിമയും ഉടമയും തമ്മിലും അടിയാളനും നാടുവാഴിയും തമ്മിലും തൊഴിലാളിയും മുതലാളിയും തമ്മിലും ചിലപ്പോൾ ഒളിഞ്ഞും മറ്റു ചിലപ്പോൾ തെളിഞ്ഞും നീണ്ട സമരങ്ങൾ നടന്നിട്ടുണ്ട്. സ്ഥാപിതതാൽപ്പര്യക്കാർ തങ്ങളുടെ നിലവിലുള്ള അവകാശാധികാരങ്ങളെ കാത്തുരക്ഷിക്കാൻ ശ്രമിക്കുന്നു. മർദ്ദിത വർഗ്ഗക്കാരാകട്ടെ തങ്ങളുടെ സ്വന്തം താൽപര്യങ്ങളെ ഉയർത്തിപ്പിടിച്ചുകൊണ്ട് സ്ഥാപിതതാൽപ്പര്യങ്ങൾക്കെതിരായി പോരാടുന്നു. ഇന്ത്യയിലിന്ന് തൊഴിലാളികൾ, കൃഷിക്കാർ തുടങ്ങിയ മർദ്ദിത വർഗ്ഗക്കാർ കൂലിക്കും ബോണസിനും തൊഴിലിനും നിലത്തിനും വേണ്ടി നടത്തുന്ന ഉശിരൻ സമരങ്ങളെപ്പറ്റിയും പ്രിവിപേർസ് നിർത്തലാക്കൽ, ബാങ്ക് ദേശസാൽക്കരണം, കുത്തകകൾക്ക് കടിഞ്ഞാണിടൽ എന്നിങ്ങനെയുള്ള മറ്റടിയന്തിരാവശ്യങ്ങൾക്കുവേണ്ടി നടത്തുന്ന പ്രക്ഷോഭങ്ങളെപ്പറ്റിയും തെരഞ്ഞെടുപ്പ് സമരങ്ങളിൽ സജീവമായി പങ്കെടുത്തുകൊണ്ട് തങ്ങൾക്കിഷ്ടമില്ലാത്ത പാർട്ടികളെ പരാജയപ്പെടുത്തുവാനും ഇഷ്ടമുള്ള പാർട്ടികളെ വിജയിപ്പിക്കുവാനും വേണ്ടി നടത്തുന്ന ശ്രമങ്ങളെപ്പറ്റിയും ഇവിടെ എടുത്തുപറയേണ്ടതുണ്ടല്ലോ.

## 3 മാർക്സിസത്തിന്റെ സംഭാവന

എന്നാൽ, വർഗ്ഗങ്ങളെപ്പറ്റിയും വർഗ്ഗസമരങ്ങളെപ്പറ്റിയുമുള്ള ഈ സിദ്ധാന്തം മാർക്സിന്റെ കണ്ടുപിടുത്തമല്ല. മാർക്സിനു മുമ്പുതന്നെ ഒന്നിലധികം ചരിത്രകാരൻമാർ സമുദായത്തിലെ വർഗ്ഗസമരങ്ങളുടെ അനിവാര്യതയെപ്പറ്റി പ്രതിപാദിച്ചിട്ടുണ്ട്. വർഗ്ഗസമരങ്ങളിൽ നിന്നു മനുഷ്യനെ മോചിപ്പിക്കേണ്ടതെങ്ങിനെ എന്നതിനെപ്പറ്റിയും മർദ്ദനവും ചൂഷണവുമില്ലാത്ത ഒരു പുതിയ സാമൂഹ്യവ്യവസ്ഥിതിയിൽ മനുഷ്യന്റെ വ്യക്തിത്വത്തെ മേൽക്കുമേൽ എങ്ങനെ വളർത്താൻ കഴിയുമെന്നതിനെപ്പറ്റിയുമാണ് മാർക്സ് പരിശോധിച്ചത്. വർഗ്ഗങ്ങളും വർഗ്ഗസമരങ്ങളും മനുഷ്യചരിത്രത്തിലെ ഒരിടക്കാലഘട്ടത്തിൽ മാത്രം പ്രത്യക്ഷപ്പെടുന്ന താൽക്കാലിക പ്രതിഭാസങ്ങൾ മാത്രമാണ്. ചരിത്രത്തിലെ, ഉൽപ്പാദനവ്യവസ്ഥയുടെ വളർച്ചയിലെ ഒരു സവിശേഷഘട്ടത്തിൽ, സവിശേഷങ്ങളായ ചില സാമൂഹ്യ സാമ്പത്തിക സാഹചര്യങ്ങളിൽ മാത്രമാണ് മനുഷ്യൻ മുതലാളിയോ തൊഴിലാളിയോ ആയിരുന്നത്. ആ സാമൂഹ്യസാമ്പത്തിക സാഹചര്യങ്ങളെ നീക്കം ചെയ്താൽ തന്നെ മുതലാളിയും തൊഴിലാളിയുമില്ല; വെറും മനുഷ്യനേയുള്ളു. വർഗ്ഗങ്ങളുടെ താൽക്കാലിക പ്രതിഭാസങ്ങൾക്കിടയിൽ യഥാർത്ഥ മാനുഷിക പ്രതിഭാസങ്ങൾ ഒളിഞ്ഞുകിടക്കുന്നു. മനുഷ്യന് യഥാർത്ഥത്തിൽ എങ്ങിനെയായിത്തീരാൻ കഴിയുമെന്നു വെളിപ്പെടുത്താൻ വേണ്ടിയാണ് മാർക്സ് വാസ്തവിക ലോകത്തിലെ വർഗ്ഗബന്ധങ്ങളേയും വർഗ്ഗസമരങ്ങളേയും വിശകലനം ചെയ്തത്. വാസ്തവിക ലോകത്തിലെ ബീഭത്സതകളോടും വൈകൃതങ്ങളോടും കപടനാട്യങ്ങളോടുമുള്ള കഠിനമായ പ്രതിഷേധം, മൃഗീയതകളുടെ പിടിയിൽനിന്നു മനുഷ്യത്വത്തെ മോചിപ്പിക്കാനുള്ള ക്രിയാത്മകമായ അഭിവാഞ്ഛ—ഇതാണ് മാർക്സിയൻ വീക്ഷണത്തിന്റെ മുഖ്യമായ പ്രേരകശക്തി. മുതലാളിത്ത വ്യവസ്ഥയിലെ വർഗ്ഗബന്ധങ്ങളും സാമ്പത്തിക രാഷ്ട്രീയ സാഹചര്യങ്ങളും സ്ഥാപനങ്ങളും മനുഷ്യനിലെ മനുഷ്യത്വത്തെ—മനുഷ്യന്റെ കഴിവുകളേയും സാദ്ധ്യതകളേയും ധാർമ്മികബോധത്തേയും പ്രതിഭയേയും ഉൽകൃഷ്ടതയേയുമെല്ലാം—വീർപ്പുമുട്ടിക്കുന്നതെങ്ങിനെയെന്ന് മാർക്സ് നോക്കിക്കണ്ടു. മനുഷ്യന്റെ സമഗ്രമായ വ്യക്തിത്വത്തിന് വളരാൻ കഴിയണമെങ്കിൽ നിലവിലുള്ള വർഗ്ഗബന്ധങ്ങളേയും സാമൂഹ്യസാമ്പത്തിക രാഷ്ട്രീയ സാഹചര്യങ്ങളേയും സ്ഥാപനങ്ങളെയും മാറ്റിമറിച്ച് സ്വാതന്ത്ര്യത്തിന്റെയും സമത്വത്തിന്റെയും സാഹോദര്യത്തിന്റെയും സ്നേഹത്തിൻറേയും അടിസ്ഥാനത്തിലുള്ള പുതിയ മാനുഷിക ബന്ധങ്ങൾ സ്ഥാപിക്കേണ്ടതുണ്ടെന്നും അതിനുവേണ്ടി മുന്നിട്ടുനിന്ന് പ്രവർത്തിക്കുകയാണ് തൊഴിലാളിവർഗ്ഗത്തിന്റെ ചരിത്രപരമായ കടമയെന്നും അദ്ദേഹം വ്യക്തമാക്കി. കൂലിക്കും ബോസ്സിനും മറ്റടിയന്തിരാവശ്യങ്ങൾക്കും വേണ്ടി പോരാടുന്ന തൊഴിലാളികൾക്ക് തങ്ങളുടെ ഈ ചരിത്രപരമായ കടമയെപ്പറ്റി ബോധമുണ്ടാക്കിക്കൊടുക്കാൻ അദ്ദേഹം ഇടവിടാതെ പരിശ്രമിച്ചു.

## 4 ഭാവനയും സൗന്ദര്യവും

ചൂഷണാധിഷ്ഠിതമായ മുതലാളിത്തം ഒരു യാഥാർത്ഥ്യമാണ്. സംശയമില്ല. മുതലാളിത്തം മനുഷ്യത്വത്തിന്റെ പുരോഗതിയെ തടഞ്ഞുനിർത്തുകയും മൃഗീയതകൾക്ക് പരന്ന പിടിക്കാൻ പറ്റിയ സാഹചര്യങ്ങൾ സൃഷ്ടിച്ചുകൊടുക്കുകയും ചെയ്യുന്നു. ഇതും നമ്മുടെ കൺമുന്നിൽ കാണുന്ന യാഥാർത്ഥ്യമാണ്. പക്ഷേ, ഇതിനേക്കാൾ കരുത്തുള്ള മറ്റൊരു യാഥാർത്ഥ്യമുണ്ട്; ചൂഷണത്തിന്റെയും മൃഗീയതയുടേയും പിടിയിൽ നിന്നും മോചനം നേടാനും സ്വാതന്ത്ര്യത്തിന്റെയും സ്നേഹത്തിന്റെയും സൗന്ദര്യത്തിൻറേയും മേഖലകളിലേക്ക് കടന്നുചെല്ലാനുമുള്ള മനുഷ്യന്റെ അദമ്യമായ ഇച്ഛാശക്തി. അപൂർണ്ണതയിൽ നിന്ന് പൂർണ്ണതയിലേക്കും പാരതന്ത്ര്യത്തിൽ നിന്ന് സ്വാതന്ത്ര്യത്തിലേക്കുമുള്ള മനുഷ്യന്റെ നീണ്ട പ്രയാണത്തിനിടയിൽ പ്രത്യക്ഷപ്പെടുന്ന പ്രതിബന്ധങ്ങളെ തട്ടിത്തകർക്കാനുള്ള കർമ്മശക്തി. നിലവിലുള്ള യാഥാർത്ഥ്യങ്ങളിൽ നിന്നുകൊണ്ട് നിലവിൽ വന്നുകഴിഞ്ഞിട്ടില്ലാത്ത യാഥാർത്ഥ്യങ്ങളെ നോക്കിക്കാണാനുള്ള ഭാവനാശക്തി.

ഇവിടെയാണ് സാഹിത്യത്തിന്റെ പ്രയോജനം. മൃഗീയതയിൽ നിന്ന് മനുഷ്യത്വത്തിലേക്കും അസ്വാതന്ത്ര്യത്തിൽ നിന്നും സ്വാതന്ത്ര്യത്തിലേക്കുമുള്ള മനുഷ്യന്റെ പ്രയാണത്തെ അത് സഹായിക്കുന്നു. സാമൂഹ്യയാഥാർത്ഥ്യങ്ങളുടെ ബീഭത്സതകൾക്കും ക്രൂരതകൾക്കുമെതിരായി മനുഷ്യത്വത്തെ ഉയർത്തിപ്പിടിക്കാനുള്ള സാഹിത്യങ്ങൾ വിമോചനപരമായ ഒരു പങ്കുവഹിക്കുന്നു. അതുകൊണ്ടുതന്നെയാണ് പ്രാചീനകാലം തൊട്ടുള്ള വിവിധ സാമൂഹ്യവ്യവസ്ഥകളിൽ ജീവിച്ചിരുന്ന സാഹിത്യകാരൻമാർ പുരോഗതിക്കുവേണ്ടി നൽകിയ എല്ലാ വിലപിടിച്ച സംഭാവനകളേയും മാർക്സ് സ്വാഗതം ചെയ്തത്.

സാഹിത്യം ജീവിതയാഥാർത്ഥ്യങ്ങളുടെ പ്രതിഫലനമോ ചിത്രീകരണമോ അല്ല. എന്തെന്നാൽ, നിലവിൽവന്നു കഴിഞ്ഞിട്ടില്ലാത്ത സാമൂഹ്യമനസാക്ഷിയെ ഭാവനയിൽ കാണാനും അതിനെ സ്വാഭാവികതയുടെ വെളിച്ചത്തിൽ കലാപമായി ആവിഷ്ക്കരിക്കാനുമാണ് സാഹിത്യകാരൻ തന്റെ പ്രതിഭയെ ഉപയോഗിക്കുന്നത്. സാമൂഹ്യജീവിതത്തിനും സാമൂഹ്യമായ വികാരവിചാരങ്ങൾക്കും കീഴ്പ്പെട്ടുകൊണ്ടല്ല, അവയ്ക്കെതിരായിട്ടാണ് അയാൾ സാഹിത്യസൃഷ്ടി നടത്തുന്നത്.

ഒരർത്ഥത്തിൽ മൃഗങ്ങളും നിർമ്മാണം നടത്താറുണ്ട്. തേനീച്ച, ഉറുമ്പ് തുടങ്ങിയ പ്രാണികൾ പോലും തങ്ങളുടെ കുഞ്ഞുകുട്ടികൾക്കുവേണ്ടി കൂടുണ്ടാക്കാറുണ്ട്. പക്ഷേ, ഭാവനയുപയോഗിച്ച് സൗന്ദര്യബോധത്തോടുകൂടി സാർവ്വത്രികമായ മാനുഷികാവശ്യങ്ങൾക്കുവേണ്ടി നിർമ്മാണം നടത്താൻ മനുഷ്യനു മാത്രമേ കഴിയൂ. സാഹിത്യനിർമ്മാണത്തിലെ ഏറ്റവും മുഖ്യമായ ഘടകമാണ് സൗന്ദര്യം. ഏതു കാലഘട്ടത്തിൽ രചിക്കപ്പെട്ടതായാലും വായനക്കാരുടെ ഹൃദയങ്ങളിലേക്ക് സൗന്ദര്യം പകർന്നുകൊടുക്കാൻ കഴിവുള്ള കൃതികളെല്ലാം കാലദേശങ്ങളെ അതിജീവിച്ചുകൊണ്ട് നിലനിൽക്കുന്നു.

## കെ. ദാമോദരൻ



കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ കേരളത്തിലെ സ്ഥാപകനേതാക്കളിൽ ഒരാളും മാർക്സിസ്റ്റ് സൈദ്ധാന്തികനും എഴുത്തുകാരനുമായിരുന്നു കെ. ദാമോദരൻ (ഫെബ്രുവരി 25, 1904–ജൂലൈ 3, 1976). മലപ്പുറം ജില്ലയിലെ തിരൂർ വില്ലേജിൽ പൊറ്റൂർ ദേശത്ത് കീഴേടത്ത് എന്ന സമ്പന്ന നായർ കുടുംബത്തിൽ കിഴക്കിനിയേടത്ത് തുപ്പൻ നമ്പൂതിരിയുടേയും കീഴേടത്ത് നാരായണി അമ്മയുടേയും മകനായാണ് ദാമോദരൻ ജനിച്ചത്. കേരള മാർക്സ് എന്നാണ് അദ്ദേഹം വിശേഷിപ്പിക്കപ്പെട്ടിരുന്നത്. ‘പാട്ടബാക്കി’ എന്ന നാടകരചനയിലൂടെയും അദ്ദേഹം പ്രശസ്തനായി. കോഴിക്കോട് സാമൂതിരി കോളേജിൽ വിദ്യാർത്ഥിയായിരിക്കുമ്പോൾ തന്നെ ദേശീയപ്രസ്ഥാനങ്ങളോട് ആകർഷിക്കപ്പെട്ടു. നിയമലംഘന പ്രസ്ഥാനത്തിൽ പങ്കെടുത്ത് അറസ്റ്റ് വരിച്ചു.

കാശിവിദ്യാപീഠത്തിലെ പഠനകാലഘട്ടം മാർക്സിസ്റ്റ് ആശയങ്ങളോട് താൽപര്യം വർദ്ധിപ്പിച്ചു. തികഞ്ഞ കമ്മ്യൂണിസ്റ്റുകാരനായാണ് കേരളത്തിൽ തിരിച്ചെത്തിയത്. പൊന്നാനി ബീഡിതൊഴിലാളി പണിമുടക്കിൽ പങ്കെടുത്ത് അറസ്റ്റ് വരിച്ചു. നവയുഗം വാരികയുടെ പത്രാധിപരായിരുന്നു. പാർട്ടി പിളർന്നപ്പോൾ സി. പി. ഐ.-യിൽ ഉറച്ചുനിന്നെങ്കിലും അവസാനകാലത്ത് പാർട്ടിയിൽ നിന്നും അകന്നു. ജവഹർലാൽ നെഹ്രു സർവ്വകലാശാലയിൽ ഇന്ത്യൻ കമ്മ്യൂണിസ്റ്റ് ചരിത്രം തയ്യാറാക്കാനുള്ള പഠനത്തിനിടെ 1976 ജൂലൈ 3-ന് അന്തരിച്ചു. പദ്മം ജീവിതപങ്കാളിയായിരുന്നു.

# പിൻകുറിപ്പ്

- സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകൾ വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക് ടോപ് ആപ്ലിക്കേഷനുകളോ ആവശ്യമില്ല. ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണ ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നത്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണ് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണ്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണ് ഇവയിൽ ഏറ്റവും മുന്തിയത്. അതുകൊണ്ട് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.

## കെ ദാമോദരന്റെ സമ്പൂർണ്ണകൃതികൾ 7

### ഫോൺ പതിപ്പുകളുടെ കണ്ണികൾ


1. എന്താണ് സാഹിത്യം
2. സാഹിത്യ നിരൂപണം
3. സാഹിത്യത്തിലെ മാർക്സിയൻ വീക്ഷണം
4. പുരോഗമന സാഹിത്യം എന്ത്? എന്തിന്?
5. ജീവത്സാഹിത്യവും പുരോഗമന സാഹിത്യവും ചരിത്രപരമായൊരവലോകനം
6. പുരോഗമനസാഹിത്യസംഘടനയുടെ തകർച്ച: കാരണങ്ങളെക്കുറിച്ച് ഒരിക്കൽക്കൂടി
7. അസ്വസ്ഥതയുടെ സാഹിത്യം
8. മലയാളസാഹിത്യത്തിന്റെ ഭാവി
9. വിചാരവിപ്ലവം
10. പാട്ടബാക്കി
11. ‘പാട്ടബാക്കി’യെപ്പറ്റി
12. ഭാഷയും സാഹിത്യവും
13. മലയാളഭാഷയുടെ ഉത്ഭവം
14. ഭാഷയിലെ വിപ്ലവം
15. കവിതയുടെ ഭാവി—മലയാളത്തിൽ
16. ഫോർമലിസം തലപൊക്കുന്നു
17. രാഷ്ട്രഭാഷ എന്തായിരിക്കണം?


### വെബ് പതിപ്പ് കണ്ണികൾ


1. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 1
2. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 2
3. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 3
4. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 4
5. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 5
6. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 6
7. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 7



സായാഹ്ന ഫൗണ്ടേഷൻ, ജഗതി, തിരുവനന്തപുരം 695014